## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4582 | 21.03.2018 — ൽ മറുപടിക്ക്

# പഴയ ബി.പി.എൽ കാർഡ് നിലനിർത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതുക്കിയ ബി.പി.എൽ റേഷൻ കാർഡ് ലഭിച്ച ഒരു കുടുംബത്തിലെ ഏതാനും പേർ പ്രസ്തുത കാർഡിൽ നിന്നും ഒഴിവായി പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള പഴയ റേഷൻ കാർഡ് ബി.പി.എൽ കാർഡ് ആയിത്തന്നെ നിലനിർത്തുവാൻ വ്യവസ്ഥ ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;<br><br>(ബി) പുതുക്കിയ റേഷൻകാർഡ് പ്രകാരം ബി.പി.എൽ റേഷൻകാർഡ് ലഭിച്ച ഒരു കുടുംബം അല്ലെങ്കിൽ ഒരാൾ അവരുടെ കാർഡിലെ പേരുകൾ മറ്റൊരു റേഷൻ കാർഡിലേക്ക് മാറ്റി നൽകുവാൻ അപേക്ഷ നൽകുകയാണെങ്കിൽ അതുപ്രകാരം അവർക്കു നൽകുന്ന പുതിയ റേഷൻ കാർഡ് ബി.പി.എൽ റേഷൻ കാർഡ് ആയി നൽകുവാൻ വ്യവസ്ഥ ചെയ്യുവാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ? | (എ) യും (ബി) യും<br><br>സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ/ എ.പി.എൽ വിഭാഗങ്ങൾക്ക് പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗമാണ് നിലവിലുള്ളത്. പ്രസ്തുത നിയമ പ്രകാരം സംസ്ഥാനത്ത് 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ളത്. ആയത് വർദ്ധിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്ത സാഹചര്യത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡങ്ങൾ പ്രകാരം നിലവിലുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ